# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2427 — 09/03/2018-ലെ മറുപടി

## മാൻഹോളുകൾ വൃത്തിയാക്കുന്നതിന് പുതിയ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. സ്വരാജ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മാൻഹോളുകൾ വൃത്തിയാക്കുന്നതിനായി പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വിശദമാക്കാമോ; | (എ) ഉണ്ട്; മാൻഹോളുകൾ വൃത്തിയാക്കുന്നതിനായി "ബാൻഡിക്കൂട്ട്" എന്ന പേരിൽ ഒരു റോബോട്ട് സംവിധാനം ജെൻറോബോട്ടിക്സ് എന്ന സ്റ്റാർട്ടപ്പ് സ്ഥാപനം കേരള ജല അതോറിറ്റിയുടെ സഹകരണത്തോടെ വികസിപ്പിച്ചിട്ടുണ്ട്. ഈ യന്ത്രം മനുഷ്യന്റെ പ്രവർത്തനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. കേരള വാട്ടർ അതോറിറ്റിയും കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ (KWIZ) ന്റെ ആഭിമുഖ്യത്തിൽ ആണ് ഇത് സാധ്യമാക്കിയത്. നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ മാൻഹോളുകളിൽ ഇറക്കി തടസ്സം നീക്കം ചെയ്യുകയും അതുവഴി യന്ത്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തു വരുകയും ചെയ്യുന്നു. |
| (ബി) ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (ബി) പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |
| (സി) സംസ്ഥാനമാകെ മാൻഹോളുകൾ വൃത്തിയാക്കുന്നതിനായി ഈ സംവിധാനം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനം വിലയിരുത്തിയശേഷം ഉപയോഗപ്രദമാകുന്ന പക്ഷം കേരള വാട്ടർ അതോറിറ്റിയുടെ പരിധിയിൽ നിലവിൽ സ്വീവറേജ് സംവിധാനം ഉള്ള സ്ഥലങ്ങളിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ